**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - ശ്രീമതി പ്രീതി മേനോൻ, ഡെപ്യൂട്ടി ഡെവലപ്മെന്റ് കമ്മീഷണർ, ഗ്രാമവികസന വകുപ്പ് - നിയമനത്തിനായി കാത്തുനിന്ന കാലയളവ് ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ (ഇആർഎ) വകുപ്പ്**

**സ.ഉ.(സാധാ) നം.1220/2019/തസ്വഭവ** **തിരുവനന്തപുരം, തീയതി, 14.06.2019.**

പരാമർശം: 1. സ.ഉ.(സാധാ) നം.2885/2018/തസ്വഭവ തീയതി 12.11.2018.

2. 14.12.2018-ലെ ഗ്രാമവികസന കമ്മീഷണറുടെ 573/എസ്റ്റാ.എ1/2018/സിആർഡി നമ്പർ കത്ത്.

**ഉത്തരവ്**

ഗ്രാമ വികസന വകുപ്പിലെ ഡെപ്യൂട്ടി ഡെവലപ്മെന്റ് കമ്മീഷണറായിരുന്ന ശ്രീമതി പ്രീതി മേനോൻ, മലപ്പുറം ജില്ലാ പഞ്ചായത്ത് സെക്രട്ടറിയായുള്ള അന്യത്ര സേവനകാലാവധിക്ക് ശേഷം വകുപ്പിൽ 25.10.2018-ന് ജോലിക്ക് റിപ്പോർട്ട് ചെയ്തതായും തുടർന്ന് പരാമർശം (1) സർക്കാർ ഉത്തരവ് പ്രകാരം ടിയാൾക്ക് ആലപ്പുഴ ദാരിദ്ര്യ ലഘൂകരണ വിഭാഗം പ്രോജക്ട് ഡയറക്ടർ തസ്തികയിൽ നിയമനം നൽകിയതിന്റെ അടിസ്ഥാനത്തിൽ ടിയാൾ പ്രസ്തുത തസ്തികയിൽ 14.11.2018-ൽ ജോലിയിൽ പ്രവേശിച്ചിട്ടുള്ളതായും നിയമനത്തിനായി കാത്തിരുന്ന 25.10.2018 മുതൽ 13.11.2018 വരെയുള്ള കാലയളവ് ഡ്യൂട്ടിയായി ക്രമീകരിച്ച് ഉത്തരവാകണമെന്നും ഗ്രാമവികസന കമ്മീഷണർ പരാമർശം (2) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീമതി പ്രീതി മേനോൻ, ഡെപ്യൂട്ടി ഡെവലപ്മെന്റ് കമ്മീഷണർ, മലപ്പുറം ജില്ലാ പഞ്ചായത്ത് സെക്രട്ടറിയായുള്ള അന്യത്ര സേവനകാലാവധിക്ക് ശേഷം ജോലിക്ക് റിപ്പോർട്ട് ചെയ്ത്, നിയമനത്തിനായി കാത്തിരുന്ന 25.10.2018 മുതൽ 13.11.2018 വരെയുള്ള കാലയളവ്, അർഹതപ്പെട്ട അവധിയായി ക്രമീകരിക്കുവാൻ ഗ്രാമവികസന കമ്മീഷണർക്ക് അനുമതി നല്കിക്കൊണ്ട് ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

**പ്രീത കെ.എസ്.**

**ഡെപ്യൂട്ടി സെക്രട്ടറി**

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
ശ്രീമതി പ്രീതി മേനോൻ, ഡെപ്യൂട്ടി ഡെവലപ്മെന്റ് കമ്മീഷണർ, (ഗ്രാമവികസന കമ്മീഷണർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരളം, തിരുവനന്തപുരം/തൃശ്ശൂർ.
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ് (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ